REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്ന് ദിവസത്തെ പോളണ്ട് - ഉക്രെയിൻ സന്ദർശനം ഇന്ന് ആരംഭിക്കും.**
- **കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മധ്യപ്രദേശിൽ നിന്ന് രാജ്യസഭയിലേക്ക് മത്സരിക്കും.**
- **വയനാട് ദുരിത ബാധിതരുടെ പുനരധിവാസ പ്രശ്നങ്ങൾ വിദഗ്ധരുമായി ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**
- **ബംഗ്ലാദേശിൽ നടത്താനിരുന്ന വനിതാ ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾ UAE- ലേക്ക് മാറ്റി.**

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്ന് ദിവസത്തെ പോളണ്ട് - ഉക്രെയിൻ സന്ദർശനം ഇന്ന് ആരംഭിക്കും. വാഴ്സയിൽ നരേന്ദ്രമോദിക്ക് ആചാരപരമായ വരവേൽപ്പ് ഒരുക്കിയിട്ടുണ്ട്. പോളിഷ് പ്രധാനമന്ത്രി ഡൊണാൾഡ് ടസ്കുമായി ചർച്ച നടത്തുന്ന അദ്ദേഹം പ്രസിഡന്റ് ഓൺ ഡ്രീ ഡൂഡ-യുമായും കൂടിക്കാഴ്ച നടത്തും. പോളണ്ടിലെ ഇന്ത്യൻ**

സമൂഹവുമായും വ്യവസായ പ്രമുഖരുമായും പ്രധാനമന്ത്രി സംവദിക്കുകയും ചെയ്യും.

കഴിഞ്ഞ 45 വർഷത്തിനിടെ ആദ്യമായാണ് ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ട് സന്ദർശിക്കുന്നത്. ഇരു രാജ്യങ്ങളും നയതന്ത്ര ബന്ധങ്ങൾക്ക് തുടക്കമിട്ട് 70 വർഷം പൂർത്തിയാക്കുന്ന വേളയിലാണ് പ്രധാനമന്ത്രിയുടെ സന്ദർശനം.

പോളണ്ട് സന്ദർശനത്തിനു ശേഷം വെള്ളിയാഴ്ച നരേന്ദ്രമോദി ഉക്രെയിനിലെത്തും. പ്രസിഡന്റ് വൊളോഡിമർ സെലൻസ്കിയുടെ ക്ഷണപ്രകാരമാണ് അദ്ദേഹം ഉക്രെയിൻ സന്ദർശിക്കുന്നത്. 1992-ൽ ഇരു രാജ്യങ്ങളും നയതന്ത്ര ബന്ധങ്ങൾ ആരംഭിച്ച ശേഷം ആദ്യമായെത്തുന്ന ഇന്ത്യൻ പ്രധാനമന്ത്രിയാണ് നരേന്ദ്രമോദി.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മധ്യപ്രദേശിൽ നിന്ന് രാജ്യസഭയിലേക്ക് മത്സരിക്കും. അദ്ദേഹത്തെ കൂടാതെ രാജ്യസഭയിലേക്ക് മത്സരിക്കുന്ന എട്ടു സ്ഥാനാർത്ഥികളുടെ പേരും BJP പ്രഖ്യാപിച്ചു. K.C വേണുഗോപാൽ രാജിവെച്ചതിനെ തുടർന്ന് ഒഴിവു വന്ന രാജസ്ഥാനിലെ രാജ്യസഭാ സീറ്റിൽ കേന്ദ്ര മന്ത്രി രവനീത് സിംഗ് ബിട്ടു മത്സരിക്കും. അടുത്ത മാസം മൂന്നിനാണ് തെരഞ്ഞെടുപ്പ്.

✪✪✪

സിനിമ മേഖലയിലെ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങളുമായി ബന്ധപ്പെട്ട ഹേമ കമ്മീഷൻ റിപ്പോർട്ടിലെ

വിവരങ്ങൾ നാണക്കേടുണ്ടാക്കുന്നതാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അഭിപ്രായപ്പെട്ടു. സ്ത്രീകൾക്കു നേരെയുണ്ടാകുന്ന ഇത്തരം അനുഭവങ്ങൾ വേദനാജനകമാണെന്ന് ഗവർണർ പറഞ്ഞു.

ഈ സാഹചര്യങ്ങൾക്ക് ഗവണ്മെന്റിനും സമൂഹത്തിലെ ഓരോരുത്തർക്കും ഉത്തരവാദിത്തമുണ്ടെന്നും ആരിഫ് മുഹമ്മദ് ഖാൻ നിരീക്ഷിച്ചു.

✪✪✪

വയനാട് ഉരുൾ പൊട്ടലിൽ ദുരിത ബാധിതരുടെ പുനരധിവാസത്തിന്റെ വിവിധ വശങ്ങൾ വിദഗ്ധരുമായും ജനപ്രതിനിധികളുമായും ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. എല്ലാവരുടെയും അഭിപ്രായങ്ങൾ ശേഖരിച്ച ശേഷം പുനരധിവാസ പദ്ധതിക്ക് അന്തിമ രൂപം നൽകും.

ഡെസ്ക് റിപ്പോർട്ട്

............വോയ്സ്............

നിലവിൽ 219 കുടുംബങ്ങളാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത്. ബന്ധുവീടുകളിലേക്കോ വാടകവീടുകളിലേക്കോ മാറിയവർക്ക് ഗവൺമെന്റ് സഹായം ഉറപ്പാക്കും. അറ്റക്കുറ്റ പണികൾ നടത്തിയ 75 ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ 83 കുടുംബങ്ങൾക്ക് താമസിക്കാം. ഗവൺമെന്റ് കണ്ടെത്തിയ 177 വീടുകൾ വാടകയ്ക്ക്

നൽകാൻ ഉടമസ്ഥർ തയ്യാറാണെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

ദുരന്തത്തിൽ 179 പേരുടെ മൃതദേഹങ്ങളാണ് ഇതുവരെ തിരിച്ചറിഞ്ഞത്. 17 കുടുംബങ്ങളിൽ ഒരാളും അവശേഷിക്കുന്നില്ല. ഈ കുടുംബത്തിൽ നിന്ന് 65 പേരാണ് മരണമടഞ്ഞത്. 119 പേരെയാണ് ഇനി കണ്ടെത്താൻ അവശേഷിക്കുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

മുഖ്യമന്ത്രി പിണറായി വിജയൻ നാളെ രാവിലെ 10 മണി മുതൽ പിണറായി കൺവെൻഷൻ സെന്ററിലെ ധർമ്മടം മണ്ഡലം ഓഫീസിൽ വയനാട് ദുരിതാശ്വാസ നിധി സ്വീകരിക്കും.

കോഴിക്കോട്ടെ സ്വകാര്യ ബസ്സുകൾ നാളെ വയനാട് ദുരന്ത ബാധിതർക്കായി ഫണ്ട് ശേഖരിക്കും. നാളത്തെ വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറും.

✪✪✪

ദുരന്ത മുഖങ്ങളിൽ കേരളം കാണിക്കുന്ന ഐക്യം നരനും നരനും തമ്മിൽ സാഹോദര്യം ഉണ്ടാകണമെന്ന ഗുരുദേവ ദർശനത്തിൽ നിന്ന് ഉണ്ടായതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അനുകമ്പ എന്ന ഗുരുദേവ ചിന്തയാണ് കേരള സമൂഹത്തിലാകെ ഇഴ ചേർന്നിരിക്കുന്നത്. ദുരന്തങ്ങളിലടക്കം സഹജീവി സ്നേഹമായി വ്യാപിക്കുന്നതും ഗുരുദേവ ദാർശനിക ദീപ്തിയാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. 170-ാം ശ്രീ നാരായണ ഗുരു ജയന്തിയുടെ ഭാഗമായി ചെമ്പഴന്തി ഗുരുകുലത്തിൽ സംഘടിപ്പിച്ച സമ്മേളനം

ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗുരുദേവ സന്ദേശങ്ങൾ നാടാകെ വ്യാപിപ്പിക്കാൻ ശിവഗിരി തന്നെ മുൻകൈ എടുക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ശ്രീനാരായണ ഗുരുദേവ ജയന്തി ദിനത്തിൽ പത്തനംതിട്ട SNDP യൂണിയൻ ആഘോഷ പരിപാടികൾ ഒഴിവാക്കി വയനാട്ടിലെ ദുരന്തബാധിതർക്കായി സർവമത പ്രാർത്ഥന സംഘടിപ്പിച്ചു. ചടങ്ങ് ഗോവ ഗവർണ്ണർ P.S ശ്രീധരൻപിള്ള ഉദ്ഘടനം ചെയ്തു. ശ്രീനാരായണ ഭക്തർ ദുരിതാശ്വാസ നിധിയും പരിപാടിയിൽ സമാഹരിച്ചു.

✪✪✪

തിരുവനന്തപുരം ജില്ലാ തദ്ദേശ അദാലത്ത് രാവിലെ ആരംഭിക്കും. മന്ത്രി M.B രാജേഷിന്റെ നേതൃത്വത്തിൽ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലാണ് അദാലത്ത് സംഘടിപ്പിക്കുന്നത്.

✪✪✪

കേരള ലോകായുക്തയായി, കേരള ഹൈക്കോടതി മുൻ ജസ്റ്റിസ് N. അനിൽ കുമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. രാജ് ഭവനിൽ രാവിലെ 11 മണിക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുക്കും.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി,

മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ലക്ഷദ്വീപ് ഉൾപ്പെടെ മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെയും കർണാടക തീരത്ത് ശനിയാഴ്ച വരെയും 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു.

✪✪✪

കൊല്ലത്ത് പുലർച്ചെമുതൽ ശക്തമായ കാറ്റ് വ്യാപക നാശനഷ്ടമുണ്ടാക്കി. വെള്ളയിട്ടമ്പലം, മീനമ്പലം, രാമൻകുളങ്ങര, പാരിപ്പള്ളി ബ്ലോക്ക് ജംങ്ഷൻ എന്നിവിടങ്ങളിൽ മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. വൈദ്യുതി വിതരണം മിക്ക ഇടങ്ങളിലും തടസ്സപ്പെട്ടു.

✪✪✪

പത്തനംതിട്ട ജില്ലയിലെ മൂഴിയാർ ഡാമിലും, മണിയാർ ബാരേജിലും ജലനിരപ്പ് ക്രമീകരിക്കാൻ ഷട്ടറുകൾ തുറക്കാൻ സാധ്യതയുണ്ടെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി. കക്കാട്ടാറിന്റെ തീരവാസികൾക്ക് ജാഗ്രത പാലിക്കാൻ നിർദേശമുണ്ട്.

✪✪✪

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഉപയോഗിക്കാനായി തയ്യാറാക്കിയ പുതുക്കിയ സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റം സ്യൂട്ട് മറ്റന്നാൾ മന്ത്രി V. ശിവൻകുട്ടി

എറണാകുളത്ത് പ്രകാശനം ചെയ്യും. മൂന്നുലക്ഷത്തിലധികം വരുന്ന കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കാനായി കൈറ്റ് തയ്യാറാക്കിയതാണ് GNU ലിനക്സ് 22.04 എന്ന പുതുക്കിയ സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റം. കൈറ്റ് വെബ്സൈറ്റിൽ നിന്നും വെള്ളിയാഴ്ച മുതൽ OS സ്യൂട്ട് സൗജന്യമായി ഡൗൺലോഡ് ചെയ്യാം.

✪✪✪

ആദിവാസി ദളിത് സംഘടനകൾ ആഹ്വാനം ചെയ്ത ഭാരത് ബന്ദിന്റെ ഭാഗമായി കേരളത്തിൽ ഇന്ന് ഹർത്താൽ ആചരിക്കുമെന്ന് സംഘാടകർ അറിയിച്ചു. ഇതിന്റെ ഭാഗമായി സംസ്ഥാന വ്യാപക പ്രതിഷേധ റാലികൾ സംഘടിപ്പിക്കും. പൊതു ഗതാഗതത്തെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പരീക്ഷകളെയും ഹർത്താൽ ബാധിക്കില്ല. സംവരണവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധിയിൽ പ്രതിഷേധിച്ചാണ് ഭാരത് ബന്ദ് ആഹ്വാനം.

✪✪✪

ഒരേ ക്യാമ്പസിൽ വിവിധ കോഴ്സുകൾ ലഭ്യമാക്കുന്ന എജുക്കേഷൻ ഹബ് കണ്ണൂർ പിണറായിയിൽ ആരംഭിക്കും. 285 കോടി രൂപ ചെലവിലാണ് ഹബ്ബിന്റെ നിർമ്മാണം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ.

............വോയ്സ്............

✪✪✪

ബംഗ്ലാദേശിൽ നടത്താനിരുന്ന വനിതാ ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ യുണൈറ്റഡ് അറബ് എമിറേറ്റ്സിലേക്ക് മാറ്റി. എന്നാൽ ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡ് തന്നെയായിരിക്കും ചാമ്പ്യൻഷിപ്പിന്റെ ആതിഥേയർ. ദുബായിലും ഷാർജയിലുമായി ഒക്ടോബർ മുന്ന് മുതൽ 20 വരെയാണ് ചാമ്പ്യൻഷിപ്പ്. ബംഗ്ലാദേശിലെ സംഘർഷ സാഹചര്യം മുൻ നിർത്തിയാണ് നടപടി.

⭘⭘⭘

പാരീസ് 2024 പാരാലിമ്പിക് ഗെയിംസിൽ ഇന്ത്യൻ സംഘത്തിന് നേതൃത്വം നല്കാൻ പാരാലിമ്പിക് കമ്മിറ്റിയുടെ വൈസ് പ്രസിഡന്റ് സത്യ പ്രകാശ് സാംഗ്വാനെ നിയമിച്ചു. 12 കായിക ഇനങ്ങളിലായി 84 പാരാ അത്‌ലറ്റുകളുടെ ഇന്ത്യയിലെ എക്കാലത്തെയും വലിയ സംഘമാണ് ഇത്തവണ മത്സരിക്കുന്നത്.

⭘⭘⭘

തിരുവനന്തപുരം കഴക്കൂട്ടത്ത് അമ്മ വഴക്ക് പറഞ്ഞതിനെത്തുടർന്ന് വീട് വിട്ടിറങ്ങിയ ആസാമി പെൺകുട്ടിയെ ബാംഗ്ലൂർ - കന്യാകുമാരി ട്രെയിനിൽ കണ്ടതായി മാധ്യമ റിപ്പോർട്ടുകൾ പറയുന്നു. പെൺകുട്ടി ട്രെയിനിൽ ഇരിക്കുന്ന ചിത്രം മറ്റൊരു യാത്രക്കാരിയാണ് പൊലീസിന് അയച്ചത്. കുട്ടി ചിത്രത്തിലേത് മകൾ തന്നെയാണെന്ന് പിതാവ് തിരിച്ചറിഞ്ഞിട്ടുണ്ട്.

പൊലീസ് അന്വേഷണം ഊർജ്ജിതമായി തുടരുകയാണ്. പാറശ്ശാല വരെ കുട്ടി ട്രെയിനിൽ യാത്ര ചെയ്തതായി പൊലീസ് സ്ഥിരീകരിച്ചിട്ടുണ്ട്.

✪✪✪

വയനാട് മുത്തങ്ങ ചെക്ക് പോസ്റ്റിൽ എക്സൈസ് സംഘത്തിന്റെ വാഹന പരിശോധനയിൽ 60 ഗ്രാമിലേറെ മെത്താഫിറ്റാമിൻ മയക്കുമരുന്ന് പിടികൂടി. ബംഗലുരുവിൽ നിന്ന് കോഴിക്കോട് പോവുകയായിരുന്ന ബസ്സിലെ യാത്രക്കാരൻ കണ്ണൂർ കരുവഞ്ചാൽ സ്വദേശി V.A. സർഫാസ്നെ അറസ്റ്റ് ചെയ്തു. ഇയാൾ കോഴിക്കോട് ടൗണും, ബീച്ചും കേന്ദ്രീകരിച്ച് മയക്കു മരുന്ന് കച്ചവടം നടത്തുന്ന ആളാണെന്ന് എക്സൈസ് പറഞ്ഞു.

✪✪✪

റഷ്യൻ സൈന്യത്തോടൊപ്പം യുദ്ധത്തിൽ പങ്കെടുക്കുമ്പോൾ മരിച്ച തൃശൂർ മുകുന്ദപുരം സ്വദേശി സന്ദീപ് ചന്ദ്രന്റെ മൃതദേഹം നാട്ടിലെത്തിക്കാൻ നോർക്ക നടപടി ആരംഭിച്ചതായി CEO, അജിത് കോളശ്ശേരി അറിയിച്ചു. സന്ദീപിന്റെ മരണം റഷ്യൻ അധികൃതർ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല.

✪✪✪

കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ ആരോഗ്യപ്രവർത്തകക്ക് ക്രൂര മർദ്ദനമേറ്റ സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് ഒരാഴ്ചക്കകം റിപ്പോർട്ട്

സമർപ്പിക്കണമെന്ന് കമ്മീഷൻ ജുസീഷ്യൽ അംഗം K. ബൈജൂ നാഥ് ആവശ്യപ്പെട്ടു.